**A** **805**

# സമഗ്രശിക്ഷാ, കേരളം

## വാർഷിക മൂല്യനിർണയം 2023 – 24

# സാമൂഹ്യശാസ്ത്രം

**ക്ലാസ് : VIII**

**സമയം : $1\frac{1}{2}$ മണിക്കൂർ**
**ആകെ സ്കോർ : 40**

**നിർദേശങ്ങൾ**

* ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
* ചോദ്യങ്ങളും നിർദേശങ്ങളും വായിച്ചു മനസ്സിലാക്കിയതിനുശേഷം ഉത്തരമെഴുതുക.
* ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 4 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിനും 1 സ്കോർ വീതം.** **(4 x 1 = 4)**

1. സാമ്പത്തികശാസ്ത്രത്തിന്റെ പിതാവ് ആര്?

   എ) ഗാന്ധിജി ബി) ആഡം സ്മിത്ത്

   സി) കാൾ മാർക്സ് ഡി) ദാദാഭായ് നവറോജി

2. ഹര്യങ്ക രാജവംശത്തിലെ ഭരണാധികാരി ആര്?

   എ) ബിംബിസാരൻ ബി) ശിശുനാഗൻ

   സി) കാലശോകൻ ഡി) മഹാപത്മനന്ദൻ

3. അർഥശാസ്ത്രത്തിൽ പരാമർശിച്ചിട്ടുള്ള ഭൂനികുതി ഏത്?

   എ) ഉദഗഭാഗ ബി) ബലി

   സി) ഭാഗ ഡി) ശുൽക

4. ലോക തണ്ണീർത്തട ദിനം ഏത്?

   എ) മാർച്ച് 22 ബി) ഡിസംബർ 5

   സി) ജൂൺ 5 ഡി) ഫെബ്രുവരി 2

**5 മുതൽ 7 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിനും 2 സ്കോർ വീതം.** **(3 x 2 = 6)**

5. പ്രാചീന മനുഷ്യന്റെ ജീവിതത്തെക്കുറിച്ചുള്ള എന്തെല്ലാം വിവരങ്ങളാണ് ഗുഹാചിത്രങ്ങളിൽ നിന്ന് ലഭിക്കുന്നത്?

6. ചുവടെ കൊടുത്തിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.

| മൂവേന്തൻമാർ | തലസ്ഥാനം |
|---|---|
| ചേരൻമാർ | മുചിരി |
| പാണ്ഡ്യന്മാർ | എ)............................ |
| ബി)............................ | ഉറൈയൂർ |

7. ചെറിയതോത് ഭൂപടങ്ങൾ എന്നാലെന്ത്? ഒരു ഉദാഹരണം എഴുതുക.

**8 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം.** **(4 x 3 = 12)**

8. ശിലകളുമായി ബന്ധപ്പെട്ട് നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
   (i) പ്രാഥമികശിലകൾ എന്നറിയപ്പെടുന്ന ശിലകൾ ഏത്?
   (ii) അവസാദശിലയ്ക്ക് ഒരു ഉദാഹരണമെഴുതുക.
   (iii) കേരളത്തിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന ശില ഏത്?

9. സാമൂഹ്യനിയന്ത്രണം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്? സാമൂഹ്യനിയന്ത്രണത്തിന്റെ ഏതെങ്കിലും രണ്ട് സവിശേഷതകൾ എഴുതുക.

10. ആഗോളതാപനം ജീവജാലങ്ങളുടെ നിലനിൽപ്പിന് ഭീഷണിയാകുന്നതെങ്ങനെ?

11. പ്രളയം ഒരു ദുരന്തമായി മാറുന്നതിന് കാരണമാകുന്ന കേരളത്തിന്റെ ഭൂമിശാസ്ത്ര സവിശേഷതകൾ എന്തെല്ലാം?

12. സാമൂഹ്യസംഘം എന്ന നിലയിൽ കുടുംബത്തിന്റെ സവിശേഷതകൾ എഴുതുക.

**13 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം.** **(2 x 4= 8)**

13. ഉപരിതല നീരൊഴുക്കിന്റെ സംഭരണത്തിന് സഹായകമാകുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം?

14. ഹരിതവിപ്ലവം എന്നാലെന്ത്? ഹരിതവിപ്ലവത്തിന്റെ ഫലമായി ഇന്ത്യയിലെ കാർഷിക മേഖലയിലുണ്ടായ നേട്ടങ്ങൾ എഴുതുക.

15. **'എ'** കോളത്തിന് അനുയോജ്യമായി **'ബി'** കോളം ക്രമപ്പെടുത്തി എഴുതുക.

| എ | ബി |
|---|---|
| ഉപരിതലജലം സംഭരിക്കപ്പെടുന്ന സ്വാഭാവിക ഇടങ്ങൾ | ഭൂഗർഭജലം |
| ഭൂമിക്കടിയിലെ ജലസമൃദ്ധമായ ഭാഗത്തിന്റെ മുകൾപ്പരപ്പ് | അരിപ്പക്കിണറുകൾ |
| ഭൂമിക്കടിയിൽ സംഭരിക്കപ്പെട്ടിരിക്കുന്ന ജലം | തണ്ണീർത്തടങ്ങൾ |
| മണൽ നിറഞ്ഞ പ്രദേശങ്ങളിൽ നിർമിക്കുന്ന ആഴം കുറഞ്ഞ കുഴൽക്കിണറുകൾ | ജലപീഠം |

**16 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 5 സ്കോർ വീതം.** **(2 x 5= 10)**

16. 2018 – ൽ കേരളത്തിലുണ്ടായ പ്രളയത്തിന്റെ ആഘാതങ്ങളെ സംബന്ധിച്ച് ഒരു വിവരണം തയാറാക്കുക.

17. നീതി ആയോഗിന്റെ ലക്ഷ്യങ്ങൾ എഴുതുക.

18. ട്രോപ്പോസ്ഫിയറിന്റെ സവിശേഷതകൾ വിശദമാക്കുക.